# ജനങ്ങൾ അധികാരം തിരിച്ചുപിടിക്കുക

ഡോ. എം.പി. പരമേശ്വരൻ

## പ്ലാച്ചിമട സമരം : വിഭവം, അധികാരം, തെരഞ്ഞെടുപ്പ്

കേരളത്തിലെ വികസനം, പരിസ്ഥിതി, സ്ത്രീ-ദളിത് നീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ 1998 മുതൽ സജീവമായി ഇടപെടുന്ന പ്രസിദ്ധീകരണമാണ് കേരളീയം. വികസന ചർച്ചയിലെ സജീവ വിഷയമായ പാലക്കാട് ജില്ലയിലെ കൊക്കക്കോള, പെപ്സി കോള കമ്പനികളുടെ പ്രവർത്തനങ്ങൾ, അവയ്ക്കെതിരായ സമരങ്ങൾ, ഇവയുടെ പശ്ചാത്തലത്തിൽ വ്യാവസായിക ആവശ്യത്തിനുള്ള പ്രകൃതി വിഭവങ്ങളോടുള്ള സമീപനം തുടങ്ങിയവയെപ്പറ്റി അഭിപ്രായങ്ങൾ കഴിഞ്ഞ ഏപ്രിൽ ലക്കം മുതൽ കേരളീയത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. താങ്കളുടെ പ്രതികരണം/മറുപടി എത്രയും വേഗം എത്തിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

### കേരളീയം - പ്ലാച്ചിമട ചോദ്യാവലി - 2006

1. കേരളത്തിലെ ഭരണ-പ്രതിപക്ഷ കക്ഷികൾ മുഴുവൻ പ്ലാച്ചിമട സമരത്തെ പിന്തുണച്ചിട്ടും പ്ലാച്ചിമട പ്രശ്നം പരിഹരിക്കപ്പെടാത്തത് എന്തുകൊണ്ടാണ്?
2. മൂലധനശക്തികൾ ലാഭവർദ്ധനവിന് വേണ്ടി പ്ലാച്ചിമടയിലെ സാമാന്യ ജനങ്ങളുടെ ജീവനോപാധികൾ കയ്യേറ്റം ചെയ്യുന്നതാണല്ലോ (ജലമലിനീകരണം, അമിതജലചൂഷണം, തുടങ്ങിയവ) പ്ലാച്ചിമട പ്രശ്നം. പ്ലാച്ചിമടകൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള നടപടികൾ എന്തായിരിക്കണം ?
3. പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി മൂലം പരിസര മലിനീകരണമുണ്ടായിട്ടുണ്ട് എന്ന് സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയും കേരള മലിനീകരണ നിയന്ത്രണ ബോർഡും ഒക്കെ കണ്ടെത്തിയിട്ടുണ്ടല്ലോ. പരിസര മലിനീകരണമുണ്ടാക്കിയ കൊക്കക്കോളയ്ക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ?
4. നഷ്ടപരിഹാരം നൽകി കമ്പനി അടച്ചുപൂട്ടുക എന്നതായിരുന്നു പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമര സമിതിയുടെ മുഖ്യ ആവശ്യം. എന്നാൽ പ്ലാച്ചിമടയിൽനിന്ന് പാലക്കാട് ജില്ലയിലെ പുതുശ്ശേരി/കഞ്ചിക്കോടിലേക്ക് കമ്പനി മാറ്റാൻ സർക്കാരും കമ്പനിയും ശ്രമം തുടങ്ങിയിട്ടുണ്ട്. പ്ലാച്ചിമടയുടെ ആവർത്തനമായിരിക്കും ഇവിടെയും സംഭവിക്കുക എന്ന സ്ഥിതിയിൽ കമ്പനിയുടെ സ്ഥലംമാറ്റത്തെക്കുറിച്ച് താങ്കളുടെ നിലപാടെന്ത് ?
5. അധികാര വികേന്ദ്രീകരണത്തേയും പഞ്ചായത്തീരാജ് സംവിധാനങ്ങളേയും എല്ലാ രാഷ്ട്രീയ കക്ഷികളും സ്വാഗതം ചെയ്യുന്നു. എന്നാൽ പ്ലാച്ചിമട കാര്യത്തിൽ പെരുമാട്ടി പഞ്ചായത്ത് അധികാരത്തിനായി സുപ്രീം കോടതിയിൽ കേസിലാണ്. പ്രാദേശിക വിഭവങ്ങൾക്കു മേൽ തദ്ദേശീയർക്കുള്ള അവകാശങ്ങൾ സർക്കാരുകൾ നൽകാതിരിക്കുന്നത് ശരിയാണോ ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ അധികാരമുണ്ടോ ? ഇത്തരം വിഷയങ്ങൾ തെരഞ്ഞെടുപ്പിലുന്നയിക്കുമോ ?1
6. പുതിയ ഇടതുപക്ഷ സർക്കാർ അധികാരത്തിലെത്തിയ സ്ഥിതിയിൽ പ്ലാച്ചിമട സമരത്തിന്റെ വിജയത്തിനായി/പ്രശ്ന പരിഹാരത്തിനായി പ്രവർത്തന പരിപാടികൾ/പദ്ധതികളെന്തെല്ലാം?

1. കേരളത്തിലെ താഴെ ഇടത്തരക്കാരടക്കം ഭൂരിപക്ഷം പേരും 'കോള'കൾ ആഗ്രഹിക്കുന്നിടത്തോളം കാലം കൊക്കോ-പെപ്സികളെ തോല്പിക്കാൻ കഴിയില്ല; ജീരക വെള്ളത്തേക്കാൾ ശുദ്ധമാണ് കുപ്പിവെള്ളം എന്ന് കരുതുന്നിടത്തോളംകാലം കോളകളെ തോല്പിക്കാനാവില്ല.

2. അതിശയോക്തി ഒരിക്കലും വിജയത്തിലേക്ക് നയിക്കില്ല. സാധുവായ സത്യത്തെകൂടി സംശയിക്കാൻ അത് ഇടവരുത്തുന്നു. പ്ലാച്ചിമടയിൽ അതിശയോക്തിദോഷം ഒട്ടേറെ സംഭവിച്ചിട്ടുണ്ട്.

3. അഴിമതിയായാലും വേണ്ടില്ല, ബലാത്സംഗമായാലും വേണ്ടില്ല, ഏത് യഥാർത്ഥ കുറ്റവാളിയാണ് ശിക്ഷിക്കപ്പെട്ടിട്ടുള്ളത്? അങ്ങേയറ്റം ജീർണിച്ച ഒരു സമൂഹത്തിൽ, കളത്തിലിറങ്ങി കളിക്കേണ്ടതിനുപകരം ജനങ്ങൾ കാണികളായി ഗാലറിയിലിരിക്കുന്ന ഒരു സമൂഹത്തിൽ, തങ്ങളുടെ പരമാധികാരത്തെ സംഘടിത പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിന് അടിയറവെച്ചിരിക്കുന്ന ഒരു സമൂഹത്തിൽ എങ്ങനെ ഇത് നടക്കും?

4. ലോകത്തെമ്പാടും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പ്രതീകമായാണ് കോളകളെ കാണുന്നത്. നഷ്ടപരിഹാരം നൽകുകയല്ല, തല്ലിപ്പൊളിക്കുകയാണ് വേണ്ടത്. ഒരു ഫാക്ടറി തല്ലിപ്പൊളിക്കുകയല്ല, അമേരിക്കൻ സാമ്രാജ്യത്വത്തോടുള്ള എതിർപ്പിന്റെ പ്രതീകമായിരിക്കണം അത്. സ്വാതന്ത്ര്യസമരകാലത്ത് വിദേശവസ്ത്രം കത്തിക്കുന്നതിലുണ്ടായിരുന്ന വികാരം വീണ്ടെടുക്കണം. പ്ലാച്ചിമട ആവർത്തിക്കാതെ, മലിനീകരണം കുറച്ചുകൊണ്ട്, മലമ്പുഴയിലെ വെള്ളം എടുത്തുകൊണ്ട് അവർക്ക് കഞ്ചിക്കോട് കമ്പനി സ്ഥാപിക്കാൻ പറ്റും. അതുകൊണ്ട് നമ്മുടെ എതിർപ്പ് ഇല്ലാതാകുമോ?

5. സർക്കാർ "നൽകുന്ന" അധികാരങ്ങൾ അവർക്ക് തിരിച്ചുപിടിക്കാൻ കഴിയും ജനങ്ങൾ പിടിച്ചെടുക്കേണ്ടതാണ് അധികാരം, ദാനമായി കിട്ടേണ്ടതല്ല. 1996-2001ലെ ഇടതുപക്ഷ സർക്കാർ അറിഞ്ഞോ, അറിയാതെയോ അധികാരം പിടിച്ചെടുക്കാൻ ചില സൗകര്യങ്ങൾ ജനങ്ങൾക്കു കൊടുത്തു. ജനങ്ങൾ അത് ഉപയോഗിച്ചില്ല. ഗ്രാമസഭ വിളിച്ചുകൂട്ടൽ, അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ ഇതിനൊന്നിനും ആരുടെയും അനുവാദം വേണ്ട. ഗ്രാമസഭകൾ വെറും ആനുകൂല്യ വിതരണ സംവിധാനമായി മാറിയതിൽ പൗരസമൂഹത്തിനും ഉത്തരവാദിത്തമുണ്ട്. രാഷ്ട്രീയപ്പാർട്ടികളിൽനിന്ന്, ഇന്ന്, ഇതേ പ്രതീക്ഷിക്കാൻ കഴിയൂ.

6. പ്ലാച്ചിമട സമരം വിജയിപ്പിക്കുക എന്നത് ഇടുതപക്ഷത്തിന്റെ പ്രകടനപത്രികകളുടെ അജണ്ട ആയിരുന്നില്ല. കൂടുതൽ വിശാലമായ ഒരു ജലനയത്തിന്റെ അജണ്ടയായേ അത് വരൂ. കൊക്കക്കോള വിരുദ്ധസമരത്തെ സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനെതിരായ സമരവുമായി ബന്ധിപ്പിക്കുക എന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ കടമയാണ്.

*മടങ്ങർലി ഗന, കോട്ടപ്പുറം, തൃശൂർ-4*